# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 22.05.2017-ൽ |
| ചോദ്യം നമ്പർ - 4916 | മറുപടിയ്ക്ക് |

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (എ) പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; തുക അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) റോഡിന്റെ ഫോർമേഷൻ (ബേസും സബ് ബേസും) നിർമ്മിക്കുന്നതിന് 45 സെ.മീ. ആഴത്തിൽ മണ്ണെടുത്തപ്പോൾ വാട്ടർ അതോറിറ്റിയുടെ കുറ്റിപ്പുറം ഭാഗത്തേക്കുള്ള പ്രധാന പൈപ്പ് ലൈൻ (200 എം.എം.ഡി.ഐ.പൈപ്പ്) പൊട്ടി ജലവിതരണം തടസ്സപ്പെടുകയും തുടർന്ന് റോഡ് പ്രവൃത്തി നിർത്തി വെക്കുകയും ചെയ്തു. ഈ റോഡിലെ 6 കി.മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ നിർദ്ദിഷ്ട റോഡിന്റെ അരികിലേയ്ക്ക് മാറ്റുന്നതിന് വാട്ടർ അതോറിറ്റി 91 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. അടിയന്തിരമായി ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിനായി 2,80,000/- രൂപയും, പ്രവൃത്തി പുരോഗമിക്കുന്ന ഭാഗത്തെ പൈപ്പ് ലൈൻ മാറ്റുന്നതിന് 30,00,000/-രൂപയും ഉൾപ്പടെ, കൂടുതലായി ആവശ്യമുള്ള 20,59,95,757/- രൂപയുടെ വിശദമായ റിവൈസഡ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 25.01.2017-ന് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും, പ്രസ്തുത പ്രൊപ്പോസൽ 2017-18 സാമ്പത്തിക വർഷത്തിൽ പരിഗണനയ്ക്ക് വീണ്ടും സമർപ്പിക്കുവാൻ 11.04.2017-ലെ ജി3/129/2017 നമ്പർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു. ഇത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ